Reg. No. : ......................................

Name : ...........................................

**SAY-708**

**SAY / IMPROVEMENT EXAMINATION, JULY – 2022**

Part – II

Time : 2 $\frac{1}{2}$ Hours

# മലയാളം

Cool-off time : 15 Minutes

**(MALAYALAM)**

Maximum : 80 Scores

*വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :*

- 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**പാർട്ട് – I**

**എ. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**

**(4 × 1 = 4)**

1. ഫിസിക്സിലെ പുതിയ കണ്ടുപിടിത്തങ്ങളിലേക്ക് എന്നെ പ്രചോദിപ്പിച്ചത് അന്നത്തെ മലയാളം ക്ലാസ്സുകളായിരുന്നു – ആരുടെ പ്രസ്താവനയാണിത് ?
   - മാർക്വെസ്
   - പത്മരാജൻ
   - ഇ.സി.ജി. സുദർശൻ
   - ഗ്രേസ്സി

2. ‘കിരാതവൃത്തം’ ഏത് അനുഷ്ഠാന കലയുടെ അടിത്തറയിൽ പണിതുയർത്തിയ കാവ്യമാണ് ?

- പൂരക്കളി
- ഓട്ടൻ തുള്ളൽ
- പടയണി
- ചവിട്ടുനാടകം

3. ഗബ്രിയേൽ ഗാർസിയ മാർക്വെസ് ‘പ്രകാശം ജലം പോലെയാണ് ’ എന്ന കൃതിയിൽ ഉപയോഗിച്ച രചനാസങ്കേതത്തിന്റെ പേരെന്ത് ?

- റൊമാന്റിസിസം
- സർറിയലിസം
- മാജിക്കൽ റിയലിസം
- റിയലിസം

4. ‘അഗ്നിവർണ്ണന്റെ കാലുകൾ’ ഏത് നാടക പ്രസ്ഥാനവുമായി ബന്ധപ്പെട്ടതാണ് ?

5. ‘പദത്തിന്റെ പഥത്തിൽ’ എന്ന പാഠഭാഗമുൾപ്പെടുന്നത് കലാമണ്ഡലം ഹൈദരലിയുടെ ആത്മകഥാപരമായ ഏത് ഗ്രന്ഥത്തിലാണ് ?

6. ഗ്രേസിയുടെ ‘ഗൗളിജന്മം’ എന്ന കഥയുടെ ഒരു സവിശേഷത ചൂണ്ടിക്കാണിക്കുക.

**ബി. 7 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം തെരെഞ്ഞെടുത്തെഴുതുക.**

**(4 × 1 = 4)**

7. ‘ബദരിയും പരിസരങ്ങളും’ എസ്.കെ.പൊറ്റെക്കാട്ടിന്റെ ഏത് കൃതിയിൽ നിന്നും എടുത്തിട്ടുള്ളതാണ്.

- ഹിമാലയ സാമ്രാജ്യത്തിൽ
- ബാലിദ്വീപ്
- സിംഹഭൂമി
- ഒരു ദേശത്തിന്റെ കഥ

8. ‘വാംഖഡെയുടെ ഹൃദയത്തുടിപ്പുകൾ’ എന്ന പാഠ ഭാഗം ഏത് വിഭാഗത്തിൽ പ്പെടുന്നു ?

- പത്രവാർത്ത
- ഫീച്ചർ
- പരസ്യം
- സഞ്ചാര സാഹിത്യം

9. എം.പി. വീരേന്ദ്രകുമാറിന്റെ ‘യമുനോത്രിയുടെ ഊഷ്മളതയിൽ’ എന്ന സഞ്ചാരസാഹിത്യകൃതി പ്രധാനമായും ഏത് വിഷയവുമായി ബന്ധപ്പെട്ടിരിക്കുന്നു.

- ചരിത്രം
- യുദ്ധം
- രാഷ്ട്രീയം
- കുടിയേറ്റം

10. താഴെചേർത്തവയിൽ പരമ്പരാഗത മാധ്യമത്തിൽ പ്പെടുന്നതേതാണ് ?

- ഫെയ്സ് ബുക്ക്
- ട്വിറ്റർ
- പത്രം
- ഇന്റർനെറ്റ്

**പാർട്ട് – II**

**എ. 11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (3 × 2 = 6)**

11. ആവാസ വ്യവസ്ഥയ്ക്കുമേൽ നടന്ന അധിനിവേശത്തെകുറിച്ചുള്ള രണ്ട് സൂചനകൾ ‘കിരാതവൃത്തം’ എന്ന കവിതയിൽ നിന്നെടുത്തെഴുതുക.

12. വെളിച്ചം ചതിവിനുള്ള ഉപാധിയാകുന്ന വർത്തമാനകാല ചുറ്റുപാടുകളെക്കുറിച്ച് ‘അവകാശങ്ങളുടെ പ്രശ്നം’ എന്ന കഥ ചർച്ചചെയ്യുന്നുണ്ടോ ? പരിശോധിച്ച് കണ്ടെത്തലുകൾ എഴുതുക.

13. ജന്മസിദ്ധിയും സാധനയുമാണ് കലാകാരനെ രൂപപ്പെടുത്തുന്നത് – കലാമണ്ഡലം ഹൈദരലിയുടെ ജീവിതാനുഭവത്തെ മുൻ നിർത്തി ഈ പ്രസ്താവന പരിശോധിക്കുക.

14. കാക്കാരിശ്ശിനാടകത്തിന്റെ രണ്ടു സവിശേഷതകൾ എഴുതുക.

15. 'മറിയക്കുട്ടിയുടെ കത്ത്' എന്ന കൃതി മുന്നോട്ടു വയ്ക്കുന്ന സ്ത്രീപക്ഷ നിലപാടുകൾ ചുരുക്കിയെഴുതുക.

**ബി. 16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരം എഴുതുക. (2 × 2 = 4)**

16. അയ്യപ്പപ്പണിക്കരുടെ 'മോഷണം' എന്ന കവിതയിലെ സാമൂഹിക വിമർശന തലം രണ്ടു വാക്യത്തിലെഴുതുക.

17. 'ബദരിയും പരിസരങ്ങളും' എന്ന സഞ്ചാര സാഹിത്യ കൃതിയിലെ പട്ടാളക്കാരൻ സൂര്യപ്രകാശിന്റെ അനുഭവ കഥയെക്കുറിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക.

18. വാർത്തയും ഫീച്ചറും തമ്മിലുള്ള രണ്ടു വ്യത്യാസങ്ങൾ എഴുതുക.

## പാർട്ട് – III

**എ. 19 മുതൽ 23 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (3 × 4 = 12)**

19. മാതൃഭാഷാ പഠനം സർഗ്ഗാത്മകമായ കണ്ടെത്തലുകൾക്കും ജീവിത പരിസരത്തുണ്ടാക്കുന്ന മാറ്റങ്ങൾക്കും വലിയ പ്രചോദനമാണെന്ന ഇ.സി.ജി. സുദർശന്റെ നിരീക്ഷണത്തോട് നിങ്ങളുടെ പ്രതികരണം ചുരുക്കിയെഴുതുക.

20. “നിന്നുടെ ജന്മത്തെക്കാൾ ശ്രേഷ്ഠമെന്നുടെ ജന്മം മന്നിടത്തിങ്കലെത്തി നിനക്കു ചരിക്കാമോ ?” ശകുന്തളയുടെ ഈ പ്രസ്താവന ഏതു സന്ദർഭത്തിലാണെന്ന് വ്യക്തമാക്കുക.

21. ‘പദത്തിന്റെ പഥത്തിൽ’ എന്ന പാഠഭാഗത്തെ മുൻ നിർത്തി കലാമണ്ഡലം ഹൈദരലിയുടെ ജീവിത പാഠങ്ങൾ നൽകുന്ന പ്രചോദനത്തെകുറിച്ച് ലഘു കുറിപ്പെഴുതുക.

22. കുറവല്ലാതെ നമുക്കൊരു വസ്തു
പറവാനില്ല ജനിച്ചേപ്പിന്നെ
മറിമായങ്ങളു മവിനയവും ഞാൻ
അറിയുന്നവളല്ലച്യുതകൃഷ്ണ – ശീലാവതിയുടെ
ഈ പ്രസ്താവനയുടെ കാലിക പ്രസക്തി പരിശോധിക്കുക.

23. കേശിനി വിദഗ്ദ്ധയായ തോഴിയാണെന്ന് തെളിയികുന്ന രണ്ട് സൂചനകൾ ‘കേശിനീമൊഴി’ എന്ന പാഠഭാഗത്തിൽ നിന്നും കണ്ടെത്തിയെഴുതുക.

**ബി. 24, 25 ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (1 × 4 = 4)**

24. ചരിത്ര വായനയെന്ന നിലയിൽ എം.പി. വിരേന്ദ്രകുമാറിന്റെ ‘യമുനോത്രിയുടെ ഊഷ്മളതയിൽ’ എന്ന പാഠഭാഗത്തെ വിലയിരുത്തി ലഘു കുറിപ്പെഴുതുക.

25. “മാധ്യമങ്ങൾക്ക് ആധിപത്യമുള്ള ലോകത്താണ് ഇന്ന് നമ്മുടെ ജീവിതം” – സമൂഹ ജീവിതത്തിൽ മാധ്യമങ്ങളുടെ ഇടപ്പെടലുകളെക്കുറിച്ച് നിങ്ങളുടെ നിരീക്ഷണം കുറിപ്പായി എഴുതുക.

## പാർട്ട് – IV

**എ. 26 മുതൽ 29 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (3 × 6 = 18)**

26. കുട്ടികളുടെ ഭാവനാലോകത്തെ 'പ്രകാശം ജലം പോലെയാണ് ' എന്ന കഥയിൽ മാർക്വെസ് അവതരിപ്പിച്ചിരിക്കുന്ന തെങ്ങനെയാണ്.

27. കമ്പോളത്തിൽ മുഖം നഷ്ടപ്പെട്ടവരുടെ പ്രതിനിധിയാണ് ദിവാകരൻ. 'അവകാശങ്ങളുടെ പ്രശ്നം' എന്ന കഥയെ മുൻ നിർത്തി വിശകലനക്കുറിപ്പ് തയ്യാറാക്കുക.

28. 'അഗ്നി വർണ്ണന്റെ കാലുകൾ' ഭരണകൂടത്തിന്റെ അധികാര വ്യവസ്ഥയെ ചോദ്യം ചെയ്യുകയോ നവീകരിക്കുകയോ ആണ് ചെയ്യുന്നത്. ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ നിലപാട് കുറിപ്പായി എഴുതുക.

29. 'പുരുഷാധിപത്യ സമൂഹത്തെ പരസ്യവിചാരണ ചെയ്യുകയാണോ 'ഗൗളിജന്മ'ത്തിലൂടെ കഥാകൃത്ത് ' – നിങ്ങളുടെ നിലപാട് വ്യക്തമാക്കുക.

**ബി. 30 മുതൽ 32 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരം എഴുതുക. (2 × 6 = 12)**

30. ഒരു സഞ്ചാരി കവിയും കഥാകൃത്തും കൂടിയാവുമ്പോൾ രചനയ്ക്ക് കൈവരുന്ന ഭാവനാപരമായ മികവ് 'ബദരിയും പരിസരങ്ങളും' (എസ്.കെ.പൊറ്റെക്കാട്) എന്ന കൃതിയെ ആസ്പദമാക്കി വിവരിക്കുക.

31. "സച്ചിനില്ലാത്ത ക്രിക്കറ്റിനെക്കുറിച്ച് എനിക്ക് ആലോചിക്കാനാവും പക്ഷെ, ക്രിക്കറ്റില്ലാത്ത സച്ചിനെക്കുറിച്ച് എനിക്ക് ചിന്തിക്കാനാവില്ല". അഞ്ജലിടെണ്ടുൽക്കറുടെ ഈ പ്രസ്താവനയെ സാധൂകരിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തിയെഴുതുക.

32. 'സൈബർ ലോകം – സവിശേഷതകൾ, ഇടപ്പെടലുകൾ' എന്ന വിഷയത്തിൽ പ്രഭാഷണക്കുറിപ്പ് തയ്യാറാക്കുക.

## പാർട്ട് – V

**എ. 33 മുതൽ 35 വരെ ഉള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക.**

**(2 × 8 = 16)**

33. സ്ത്രീപക്ഷ വായനാ സാധ്യതയുള്ള രചനയായി 'കണ്ണാടി കാൺമോളവും' എന്ന പാഠ ഭാഗത്തെ സമീപിക്കാമോ ? ഉദാഹരണ സഹിതം വിശദമാക്കുക.

34. പൊയ്പ്പോയ നല്ല ദിനങ്ങളെ 'കിരാതവൃത്തം' എന്ന കവിതയിലെ കാട്ടാളൻ എങ്ങനെയെല്ലാമാണ് ഓർത്തെടുക്കുന്നത് ? ഉപന്യാസം തയ്യാറാക്കുക.

35. പ്രകൃതിയും സ്ത്രീയും നേരിട്ട സങ്കടങ്ങളാണ് പുലിക്കോട്ടിൽ ഹൈദറിന്റെ സാഹിത്യരചനയിൽ ഏറെയുള്ളത്. മാപ്പിളപ്പാട്ടിലെ കേരളീയത എന്ന പാഠഭാഗത്തെ മുൻ നിർത്തി ചർച്ചചെയ്യുക.